VII പ്രസ്താവന

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി ശ്രീ. ബേബി ജോൺ 825-ാം നമ്പർ ചോദ്യത്തിനു നൽകിയ ഉത്തരത്തിൽ വരുത്തുന്ന തിരുത്തൽ.

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

സർ, ഒരു സബ്മിഷൻ ഉണ്ട്. ചോദ്യോത്തര വേളയിൽ 825-ാം നമ്പർ ചോദ്യത്തിനു മറുപടി പറഞ്ഞതിൽ അൽപം പിശക് പറ്റിപ്പോയിട്ടുണ്ട്. നിർഭാഗ്യകരമായിപ്പോയി അങ്ങനെ മറുപടിയിൽ തെറ്റു പറ്റിയത്, അങ്ങനെ തെറ്റുണ്ടാകാൻ ഇടയായതിൽ എനിക്കുള്ള ഖേദം രേഖപ്പെടുത്തുകയാണ്. ശരിയായ ഉത്തരം താഴെ പറയും പ്രകാരമാണ്.

(എ) ഉണ്ട്.

(ബി) 9-5-1978-ൽ.

(സി) 99,94,475.64.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, നമ്മുടെ ഈ സഭയിൽ സത്യത്തിനു യോജിച്ച നിലയിലല്ലാതെ ഒരു മറുപടി മന്ത്രി പറയുന്നതിന് ഇടയാക്കിയ സാഹചര്യം എന്താണ്. കാരണം എന്താണെന്ന അറിയാൻ ഈ സഭയ്ക്ക് അവകാശമുണ്ട്. സർ, ഇത് ആരിൽ നിന്നുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ മറുപടി പറയാനുള്ള രേഖകൾ കൊടുത്തത് ഉദ്യോഗസ്ഥൻമാരാണോ. അങ്ങനെയാണെങ്കിൽ ഈ ഉദ്യോഗസ്ഥൻമാർ മനഃപൂർവ്വം ഈ സഭയെ അവഹേളിക്കുന്നതിനുവേണ്ടി തെറ്റായ വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കു നൽകിക്കൊണ്ട് ഈ സഭയെ തെറ്റിദ്ധരിപ്പിച്ചതിനു കാരണമാകുന്നു സർ. അങ്ങനെ തെറ്റായിട്ടുള്ള ഒരു വിവരം ഇവിടെ വരുത്താൻ ഉദ്യോഗസ്ഥൻമാർ ശ്രമിച്ചിട്ടുണ്ടെങ്കിൽ അവരുടെമേൽ തക്കതായ നടപടിയെടുക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

അങ്ങനെ ഒന്നും സംഭവിച്ചതല്ല. മേശപ്പുറത്തുവച്ച റിപ്പോർട്ടുതന്നെ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി വായിച്ചപ്രകാരമാണ്. ആ കടലാസ് മിസ് ചെയ്തുപോയതുകൊണ്ട് സംഭവിച്ചതാണ്. റവന്യു മന്ത്രി മറുപടി പറയേണ്ടതും പഞ്ചായത്തുമന്ത്രി മറുപടി പറയേണ്ടതുമായ ഫയലുകൾ തമ്മിൽ മാറിപ്പോയതുകൊണ്ടു സംഭവിച്ചതാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട റവന്യു മന്ത്രി വസ്തുതകളെ അടിസ്ഥാനമാക്കാതെ മനപ്പൂർവ്വം ഈ സഭയെ തെറ്റിദ്ധരിപ്പിച്ച് ഈ സഭയിൽ അസത്യമായ ഒരു പ്രസ്താവന ചെയ്തു.

മി. സ്പീക്കർ സഭയെ തെറ്റിദ്ധരിപ്പിച്ചത് അദ്ദേഹം തിരുത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly